# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2535** 06.12.2018-**ൽ മറുപടിക്ക്**

### ഷൊർണ്ണൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

| | ചോദ്യം<br>ശ്രീ. പി.കെ. ശശി | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വൈദ്യുതി വകുപ്പ് ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ? | | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ, ബോർഡിന്റെ തനതു ഫണ്ട്, MLASDF, കേന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY, IPDS, എന്നിവയിലുൾപ്പെടുത്തി 7,55,91,603 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതികളിൽ ഉൾപ്പെടുത്തി 8 കി മീ 11 കെ വി ലൈനും 20 കി മീ എൽ.ടി ലൈനും നിർമ്മിക്കുകയും 11 കി മി സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും 21 കി മി, 11 കെ വി ലൈനിന്റെയും 87 കി .മി ,എൽ ടി ലൈനിന്റെയും ചാലകശേഷി കൂട്ടുകയും 32 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും 3823 കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട് .<br>കൂടാതെ വൈദ്യുതി വകുപ്പ് ഷൊർണ്ണൂർ മണ്ഡലത്തിൽ പെടുന്ന 220 കെ.വി സബ് സ്റ്റേഷനിൽ താഴെപ്പറയുന്ന വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.<br>(1) പ്രസ്തുത സബ് സ്റ്റേഷനിൽ നിലവിലുള്ള ഒരു 100 എം.വി.എ ട്രാൻസ്ഫോർമർ മാറ്റി, |

| | | | |
|---|---|---|---|
| | | | പുതിയ 200 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.<br><br>(2) പ്രസ്തുത സബ് സ്റ്റേഷനിൽ 220 കെ.വി സെക്കന്റ് ബസ്സും അനുബന്ധ ഉപകരണങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ പി.എസ്.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തി സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.<br><br>(3) ഇന്ത്യൻ റെയിൽവേയുടെ ട്രാക്ഷൻ സബ് സ്റ്റേഷനുവേണ്ടി പ്രസ്തുത സബ് സ്റ്റേഷനിൽ നിന്ന് രണ്ടാമതൊരു ഫീഡർ വലിക്കുന്നതിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ